# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :13/12/ 2019

## കേരളാ പോലീസും ട്രാക്കും സംയുക്തമായി നടത്തിയ ട്രാഫിക്ക് ആക്സിഡന്റ് ഫസ്റ്റ് എയിഡ് ബോധവത്കരണ ക്ലാസ്സ്

കൊല്ലം : കേരളാ പോലീസും ട്രാക്കും സംയുക്തമായി നടത്തിയ ട്രാഫിക്ക് ആക്സിഡന്റ് ഫസ്റ്റ് എയിഡ് ബോധവത്കരണ ക്ലാസ്സ് ബഹു ജില്ലാ പോലീസ് മേധാവി പി.കെ.മധു ഐ.പി.എസ്സ് കൊല്ലം പോലീസ് ക്ലബ്ബിൽ ഉദ്ഘാടനം ചെയ്തു. ട്രാഫിക്ക് ഡ്യൂട്ടി ചെയ്യുന്ന പോലീസുകാർ റോഡ് അപകടങ്ങൾ വരുമ്പോൾ അിറഞ്ഞിരി



ക്കേണ്ട പ്രാഥമികമായി ചെയ്യേണ്ട ശിശ്രൂഷ യെകുറിച്ച് ഹോളി ക്രോസ്സ് ആശുപത്രിയിലെ ഡോ. ആതുരദാസ് ബോധവത്കരണ ക്ലാസ്സ് നൽകി. ആദ്യമായി തന്നെ അപകടത്തിൽപ്പെട്ട ഒരു വ്യക്തിയെ പ്രഥമ ശിശ്രൂഷ നൽകി ജീവൻ നിലനിർത്തി ആശുപത്രിയിൽ എത്തിക്കാമെന്നതിനെ കുറിച്ച് ദൃശ്യങ്ങളുടെ സഹായത്തോടെ മനസ്സിലാക്കി തരുകയും പിന്നീട് ഇത്തരത്തിൽ ഒരു സാഹചര്യം ഉണ്ടായാൽ ഏത് രീതിയിൽ രക്ഷാപ്രവർത്തനം നടത്തണം എന്നതിനെ കുറിച്ച് പരിശീലനം നൽകുകയും ചെയ്തു.

റോഡിലൂടെ നടന്നുപോകുന്ന ഒരാൾ പെട്ടന്ന് കുഴഞ്ഞ് വീഴുകയാണെങ്കിൽ അത് ഹൃദയാഘാതമാണെന്ന് മനസ്സിലാക്കുവാനും വേണ്ട വിധത്തിൽ സി.പി.ആർ നൽകുവാനും പരിശീലനം നൽകി. പ്രഥമ ശിശ്രൂഷയ്ക്ക് ശേഷം എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായി അദ്ദേഹം പ്രതിവാദിച്ചു. റോഡ് അപകടങ്ങൾ വരുമ്പോൾ അിറഞ്ഞിരിക്കേണ്ട പ്രാഥമിക ശിശ്രൂഷ സേനാംഗങ്ങൾക്ക് വളരെയേറെ പ്രയോജനകരമായ ഒരു അനുഭവമായിരുന്നു എന്ന് ഏ.ആർ ക്യാമ്പ് അസ്സിസ്റ്റന്റ് കമാണ്ടന്റ് ശ്രീ. രാജു നന്ദി രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.